**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ലയിൽ നിരണം ഗ്രാമ പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക ഒറ്റതവണയായി തനത് ഫണ്ടിൽ നിന്നും അടയ്ക്കുന്നതിന് അനുമതി നൽകി കൊണ്ടുള്ള ഉത്തരവ് ഭേദഗതി ചെയ്തു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.2373/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 22/12/2020

പരാമർശം:-

1 07.09.2020 തീയ്യതിയിലെ സ.ഉ (സാ ധാ ) നം.1612/2020/ ത.സ്വ.ഭ.വ

2 നിരണം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18.09.2020 തീയ്യതിയിലെ സി4-1352/20നമ്പർ കത്ത്

**ഉത്തരവ്**

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിൽ നിരണം ഗ്രാമപഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് കുടിശ്ശിക ഇനത്തിൽ അടയ്ക്കേണ്ട **6,80,000/-**രൂപ (ആറുലക്ഷത്തി എൺപതിനായിരം രൂപ) തനത് ഫണ്ടിൽ നിന്നും ഒറ്റതവണയായി അടച്ചു തീർക്കുന്നതിന് പരാമർശം **(1)** പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് പലിശ സഹിതമുള്ള കുടിശ്ശിക തുക മുഴുവൻ അടവാക്കുന്നതിനു പകരം **680000/-** രൂപ മാത്രം ഒടുക്കുവാനാണ് എന്നുള്ളതിനാൽ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനമനുസരിച്ചു പലിശ സഹിതമുള്ള മുഴുവൻ തുകയും തനതു ഫണ്ടിൽ നിന്നും ഒടുക്കുവരുത്തുന്ന തരത്തിൽ പരാമർശം **(1)** ലെ ഉത്തരവ് ഭേദഗതി ചെയ്യണമെന്ന് നിരണം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം **(2)** പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.പത്തനംതിട്ട ജില്ലയിൽ നിരണം ഗ്രാമപഞ്ചായത്തിലെ പൊതു ടാപ്പുകളുടെ **9/2018** വരെയുള്ള വാട്ടർ ചാർജ്ജ് കുടിശ്ശികയുടെ പലിശ സഹിതമുള്ള മുഴുവൻ ഒ.ടി.എസ് തുകയും തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം **(1)** ലെ ഉത്തരവ് മേൽഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പ്രസിഡന്റ് /സെക്രട്ടറി നിരണം ഗ്രാമപഞ്ചായത്ത് , പത്തനംതിട്ട

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(ത.സ്വ.ഭ.വ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / എൽ.ബി.എ &എ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signature Not Verified

Digitally signed by S BINDU
Date: 2020.12.22 12:56:36 IST
Reason: Approved